ഉത്തരം

(എ) ഇത്തരം ഒരു പദ്ധതിയും ജിമ്മിൽ അവതരിപ്പിച്ചിട്ടില്ല.

(ബി) ഇല്ല. ഇത്തരത്തിലുള്ള ഒരു പദ്ധതിയും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) സർക്കാർ ആശുപത്രികളെ സ്വകാര്യവത്കരിക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നത് സർക്കാർ നയമല്ല. മറിച്ച്, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ രംഗത്ത് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

ഏകീകൃത പൊതുജനാരോഗ്യ നിയമം

124 (3078)ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികൾ പെരുകി വരുന്ന ഈ അവസരത്തിൽ സംസ്ഥാനത്ത് ഒരു "ഏകീകൃത പൊതുജനാരോഗ്യ നിയമം" കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

"ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ നടപടി"

125 (3079)ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമീപകാലത്ത് പടർന്ന് പിടിച്ച ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ അസുഖങ്ങൾ ബാധിച്ചവർക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനും രോഗപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, മറ്റ് സാമൂഹ്യ, ആരോഗ്യപ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന സമിതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകുമോ ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരുടെയും മറ്റും സേവനങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം രോഗങ്ങളുടെ പ്രതിരോധ നിർമ്മാർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഇപ്പോൾത്തന്നെ ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രവർത്തകരും, സാമൂഹ്യ, ആരോഗ്യ പ്രവർത്തകരും ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും കമ്മിറ്റികൾ നിലവിലുള്ളതിനാൽ പ്രത്യേക സമിതികൾ തൽക്കാലം പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും മരുന്ന് എത്തിക്കാനുള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ജൂലായ് അവസാനം വരെ കഴിഞ്ഞ വർഷത്തെ സി.പി.സി.യിൽനിന്നും വിതരണം ചെയ്യുവാൻ മരുന്ന് കമ്പനികൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. കൂടാതെ ആവശ്യത്തിന് ലോക്കൽ പർച്ചേസ് നടത്തുവാൻ 255 ലക്ഷം രൂപ എല്ലാ ജില്ലകൾക്കുമായി നൽകിയിട്ടുണ്ട്. 200-ഓളം ഡോക്ടർമാരെ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ നിയമിക്കുവാൻ ക്യാബിനറ്റ് സബ് കമ്മിറ്റി തീരുമാനിക്കുകയും 15-ഓളം പേരെ നിയമിക്കുകയും ചെയ്തു. ഹൗസ് സർജൻമാരുടെയും റിട്ടയേർഡ് ഡോക്ടർമാരുടെയും സേവനം പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലീവിൽ പോയ ജീവനക്കാരോട് തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിച്ചതു പ്രകാരം 50 പേർ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

"എലിപ്പനി, ഡെങ്കിപ്പനി, വൈറൽപനി തുടങ്ങിയവ കൂടുതലായി പിടിപ്പെട്ട പ്രദേശങ്ങൾ"

126 (3080) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എലിപ്പനി, ഡങ്കിപ്പനി, വൈറൽപനി എന്നിവ അധികമായി പിടിപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ പ്രദേശങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങൾ, കാലാവസ്ഥ, ജലത്തിൽ കടന്നുകൂടിയിട്ടുള്ള മാലിന്യങ്ങൾ എന്നിവക്ക് പ്രസ്തുത രോഗങ്ങൾ ബാധിക്കുന്നതിലും പടർന്നു പിടിക്കുന്നതിലും എന്തെങ്കിലും പങ്കുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം അടിയന്തിര നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് പ്രസ്തുത രോഗങ്ങൾ കൂടുതലായി കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly